(ബി) ഇവർ ഈ സംഭവത്തിനു മുൻപ് ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടിരുന്ന വരാണോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കോഴിക്കോട് യുണിവേഴ്സിറ്റിയുടെ വിദൂര പഠന കേന്ദ്രം നടത്തിയ ബി. കോം പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ചയിൽ ഇപ്പോഴത്തെ കേസ്സിൽ അറസ്റ്റി ലായ ആരെങ്കിലും ഉൾപ്പെട്ടിരുന്നോ;

(ഡി) എങ്കിൽ ഇവർ ആരാണെന്നും ആ കേസുമായി ഇവർക്കുള്ള ബന്ധവും അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്:

1. വിജയകുമാർ
2. ബോബൻ
3. രമേഷ്കുമാർ

(ബി) ഈ പ്രതികൾ ഇതിനു മുൻപ് ഇത്തരം കേസുകളിൽ ഉൾപ്പെട്ടി രുന്നതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) കോഴിക്കോട് സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം ബി.കോം പരീക്ഷ നടത്തുന്നില്ല. ബി.എ/ബി.കോം (ഓപ്പൺ) എൻട്രൻസ് പരീക്ഷയ്ക്ക് കോമേഴ്സിന്റെ ഒരു പേപ്പർ മാത്രമാണ് വിദൂര പഠന വിഭാഗം നടത്തുന്ന പരീക്ഷ. ടി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി സർവകലാശാലയ്ക്കും പോലീസിനും പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഡി) സി. യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. എന്നാൽ, പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലയിലെ എൽ. ഡി. സി. പരീക്ഷ

26 [1497] ശ്രീ. ബി. വിജയകുമാർ :
,, ടി. എൻ. പ്രതാപൻ :
,, വി. ഡി. സതീശൻ :
,, എൻ. ശക്തൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ ഇക്കഴിഞ്ഞ എൽ. ഡി. സി. പരീക്ഷയുടെ ചോദ്യ ക്കടലാസ് ചോർന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു

സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നവിധം

27 [1498] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
" എം. എ. ചന്ദ്രശേഖരൻ :
" ലൂഡി ലൂയിസ് :
" പ്രൊഫസർ എ. ഡി. മുസ്തഫ :
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റർവ്യൂവിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് അയോഗ്യത കല്പിക്കുവാൻ പാടില്ലെന്ന് പഞ്ചാബ് സർക്കാർ വാദിയായിട്ടുള്ള കേസിൽ 2003 മാർച്ച് 16-ന് സുപ്രീംകോടതി വിധി കല്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിധിക്കനുസൃതമായാണോ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ സംസ്ഥാന സർവ്വീസിലേക്കുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്;

(സി) അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മുതൽ (സി) വരെ വിവരം ശേഖരിച്ചുവരുന്നു

പി.എസ്.സി. നിയമനത്തിനുള്ള വ്യവസ്ഥകൾ

28 [1499] ശ്രീ. സി. മമ്മൂട്ടി :
" വി. കെ. ഇബ്രാഹിംകുഞ്ഞ് :
" കെ. കുട്ടി അഹമ്മദ് കുട്ടി :
" ഇ. ടി. മുഹമ്മദ് ബഷീർ :
" വി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി.എസ്.സി. നിലവിൽ ഉദ്യോഗ നിയമനത്തിന് സംവരണതത്വം പാലിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന 20 യൂണിറ്റിനു പകരം 100 യൂണിറ്റ് സ്വീകരിക്കുമെന്ന് എന്തെങ്കിലും നിയമസഭാ കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly